سورة نوح

71. സൂറതു നൂഹ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 28 - വിഭാഗം (റുകൂഉ്) 2

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ١

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

إِنَّآ أَرۡسَلۡنَا نُوحًا إِلَىٰ قَوۡمِهِۦٓ أَنۡ أَنذِرۡ قَوۡمَكَ مِن قَبۡلِ أَن يَأۡتِيَهُمۡ عَذَابٌ أَلِيمٞ ١

(1) നിശ്ചയമായും നാം നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് (റസൂലായി) അയച്ചു,- നിന്റെ ജനതക്ക് വേദനയേറിയ വല്ല ശിക്ഷയും വരുന്നതിനുമുമ്പായി നീ അവരെ താക്കീത് ചെയ്യണം എന്ന് (കല്പിച്ചുകൊണ്ട്)

قَالَ يَٰقَوۡمِ إِنِّي لَكُمۡ نَذِيرٞ مُّبِينٌ ٢

(2) അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിശ്ചയമായും ഞാൻ നിങ്ങൾക്ക് സ്പഷ്ടമായ ഒരു താക്കീതുകാരനാകുന്നു;'

أَنِ ٱعۡبُدُواْ ٱللَّهَ وَٱتَّقُوهُ وَأَطِيعُونِ ٣

(3) 'നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ, അവനെ സൂക്ഷിക്കുകയും ചെയ്യുവിൻ, എന്നെ അനുസരിക്കുകയും ചെയ്യുവിൻ' എന്ന്.

يَغۡفِرۡ لَكُم مِّن ذُنُوبِكُمۡ وَيُؤَخِّرۡكُمۡ إِلَىٰٓ أَجَلٖ مُّسَمًّىۚ

(4) 'എന്നാലവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങളിൽനിന്ന്പൊറുത്തുതരുന്നതാണ്; നിർണയിക്കപ്പെട്ട ഒരവധിവരെ അവൻ നിങ്ങളെ (ഒഴിവാക്കി) പിന്തിച്ചു തരുന്നതാകുന്നു.'

إِنَّ أَجَلَ ٱللَّهِ إِذَا جَآءَ لَا يُؤَخَّرُ لَوْ كُنتُمْ تَعْلَمُونَ ﴿٤﴾

നിശ്ചയമായും, അല്ലാഹുവിന്റെ (നിശ്ചയപ്രകാരമുള്ള) അവധിവന്നാൽ, അത് പിന്തിക്കപ്പെടുന്നതല്ല. നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ!

﴿1﴾ إِنَّآ أَرْسَلْنَا നിശ്ചയമായും നാം അയച്ചു نُوحًا നൂഹിനെ إِلَىٰ قَوْمِهِۦٓ തന്റെ ജനതയിലേക്ക് أَنْ أَنذِرْ നീ താക്കീത് ചെയ്യുക എന്ന് قَوْمَكَ നിന്റെ ജനതയെ مِن قَبْلِ മുമ്പായി أَن يَأْتِيَهُمْ അവർക്ക് വരുന്ന (ചെല്ലുന്ന)തിന് عَذَابٌ أَلِيمٌ വേദനയേറിയ ശിക്ഷ, വല്ല ശിക്ഷയും ﴿2﴾ قَالَ يَٰقَوْمِ അദ്ദേഹം പറഞ്ഞു എന്റെ ജനങ്ങളേ إِنِّى നിശ്ചയമായും ഞാൻ لَكُمْ നിങ്ങൾക്ക് نَذِيرٌ ഒരു താക്കീതുകാരനാണ് مُّبِينٌ സ്പഷ്ടമായ, തനി ﴿3﴾ أَنِ ٱعْبُدُوا۟ നിങ്ങൾ ആരാധിക്കണമെന്ന് ٱللَّهَ അല്ലാഹുവിനെ وَٱتَّقُوهُ അവനെ സൂക്ഷിക്കുകയും വേണം وَأَطِيعُونِ എന്നെ അനുസരിക്കുകയും ചെയ്യണം ﴿4﴾ يَغْفِرْ لَكُم എന്നാലവൻ നിങ്ങൾക്ക് പൊറുത്തു തരും مِّن ذُنُوبِكُمْ നിങ്ങളുടെ പാപങ്ങളിൽ നിന്നും, പാപങ്ങളെ وَيُؤَخِّرْكُمْ നിങ്ങളെ പിന്തിച്ചു(ഒഴിവാക്കി)ത്തരുകയും ചെയ്യും إِلَىٰٓ أَجَلٍ ഒരു അവധിവരെ مُّسَمًّى നിശ്ചയിക്കപ്പെട്ട, നിർണയിക്കപ്പെട്ട إِنَّ أَجَلَ ٱللَّهِ നിശ്ചയമായും അല്ലാഹുവിന്റെ (അല്ലാഹു നിശ്ചയിച്ച) അവധി إِذَا جَآءَ അതു വന്നാൽ لَا يُؤَخَّرُ അത് പിന്തിക്കപ്പെടുന്നതല്ല لَوْ كُنتُمْ നിങ്ങളായിരുന്നെങ്കിൽ تَعْلَمُونَ നിങ്ങൾ അറിയും

തൊള്ളായിരത്തമ്പതു വർഷം സ്വജനതയെ തൗഹീദിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുകയും, അത്രയും കാലം ആ ജനങ്ങളിൽനിന്ന് എതിർപ്പും പരിഹാസവും ഭീഷണിയും സഹിച്ചുകൊണ്ടിരിക്കുകയും ചെയ്ത പ്രവാചകവര്യനായ റസൂലത്രെ നൂഹ് നബി (അ). അറിയപ്പെട്ടിടത്തോളം, ഒരു സമുദായത്തെ തൗഹീദിലേക്ക് ക്ഷണിക്കുവാൻ വേണ്ടി അയക്കപ്പെട്ട ഒന്നാമത്തെ റസൂലായിരുന്നു അദ്ദേഹം. ആ സമുദായമാകട്ടെ, വിഗ്രഹാരാധനയിലും തോന്നിയവാസത്തിലും മുഴുകിയവരും ധിക്കാരസ്വഭാവികളുമായിരുന്നു. ആ മഹാനുഭാവൻ അത്രയും കാലം അവരിൽ നടത്തിയ പരിശ്രമത്തിന്റെയും ത്യാഗത്തിന്റെയും ചരിത്രവും, അവരിലുണ്ടായ പ്രതികരണവും അദ്ദേഹത്തിന്റെ വാക്കുകളിലായി ഈ സൂറത്തിൽ അല്ലാഹു ചുരുക്കി വിവരിച്ചിരിക്കുന്നു. എല്ലാ റസൂലുകൾക്കുമെന്നപോലെ, അദ്ദേഹത്തിനും പ്രബോധനം ചെയ്യേണ്ടിയിരുന്ന ദൗത്യസന്ദേശം അല്ലാഹുവിനെ- അതെ, അവനെമാത്രം- ആരാധിക്കണം, അവന്റെ വിധിവിലക്കുകൾ സൂക്ഷിക്കണം, അവന്റെ ദൂതൻ ഉപദേശിക്കുന്നത് അനുസരിക്കണം എന്നിത്രയും കാര്യങ്ങളായിരുന്നു. ഈ പ്രബോധനം സ്വീകരിക്കുന്നപക്ഷം, അവരുടെ പാപങ്ങൾ അല്ലാഹു പൊറുക്കുമെന്നും, അവരുടെ നിശ്ചിത ആയുഷ്കാലാവധിവരെ അവർക്ക് സമാധാന ജീവിതം നൽകുമെന്നും അദ്ദേഹം അവരെ ഉപദേശിച്ചു. അല്ലാത്തപക്ഷം അല്ലാ

ഹുവിങ്കൽനിന്നുള്ള കഠിനമായ ഏതെങ്കിലും ശിക്ഷ മുഖേന അവർക്ക് നാശം സംഭവിക്കുമെന്നും, അതിന്റെ അവധി എത്തിക്കഴിഞ്ഞാൽ പിന്നീട് യാതൊരു ഒഴിവും ലഭിക്കുകയില്ലെന്നും അദ്ദേഹം അവരെ താക്കീത് ചെയ്തു.

സത്യവിശ്വാസവും സൽക്കർമവും ആയുഷ്കാലത്തിൽ വർദ്ധനവ് ലഭിക്കുവാൻ കാരണമായേക്കുമെന്ന് പല മഹാൻമാരും ഈ 4 -ാം വചനത്തിൽനിന്ന് മനസ്സിലാക്കിയിരിക്കുന്നു. 'കുടുംബബന്ധം പാലിക്കൽ ആയുസ്സ് വർദ്ധിപ്പിക്കുന്നതാണ്'(صلة الرحم تزيد في العمر) എന്ന് നബിﷺ അരുളിച്ചെയ്തിട്ടുമുണ്ട്. (ബു. മു.) പണ്ഡിതൻമാരിൽ ഒരു വിഭാഗം ഈ അഭിപ്രായത്തോട് യോജിക്കുന്നില്ല. ആയുസ്സ് വർദ്ധിപ്പിക്കലും ചുരുക്കലും ഉണ്ടാകുമെന്ന് കാണിക്കുന്ന രേഖകൾക്ക് അവർ നൽകുന്ന വ്യാഖ്യാനം ഇപ്രകാരമാണ്: ആയുസ്സ് വർദ്ധിപ്പിക്കുക എന്നതുകൊണ്ടുദ്ദേശ്യം ഉള്ള ആയുഷ്കാലം സമാധാനപരവും അഭിവൃദ്ധിയുള്ളതും ആയിരിക്കുക എന്നും ആയുസ്സ് ചുരുക്കുക എന്ന് പറയുന്നതിന്റെ ഉദ്ദേശ്യം അത് ക്ലേശകരവും സമാധാനപരമല്ലാത്തതുമായിരിക്കുക എന്നുമാകുന്നു. മൂന്നാമതൊരു അഭിപ്രായം ഈ വിഷയത്തിലുള്ളത് ചില യുക്തിവാദക്കാരുടേതാണ്. അല്ലാഹു എല്ലാറ്റിനും ചില പൊതു വ്യവസ്ഥകൾ നിശ്ചയിച്ചുവെച്ചിട്ടുള്ളതല്ലാതെ, ഓരോരുത്തന്റെ കാലാവധിയും ആയുസ്സും പ്രത്യേകം പ്രത്യേകം മുൻകൂട്ടി നിശ്ചയിച്ചുവെച്ചിട്ടില്ല; എല്ലാം ആ പൊതുവ്യവസ്ഥയനുസരിച്ച് നടമാടുന്നുവെന്ന് മാത്രമേയുള്ളൂ എന്നത്രെ അവരുടെ പക്ഷം. ഇത് ക്വുർആന്നും, ഹദീഥിനും ഇസ്‌ലാമിക മൂല്യങ്ങൾക്കും യോജിക്കാത്തതാണ്താനും.

ഒമ്പതര നൂറ്റാണ്ട് കാലത്തെ തുടർച്ചയായ പ്രബോധനത്തിന്റെ ചരിത്രസംക്ഷേപം അങ്ങേഅറ്റത്തെ ഹൃദയവേദനയോടെ നൂഹ് നബി (അ) അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുന്നു. അതിലെ ഓരോ വാക്യവും ഹൃദയ സാന്നിദ്ധ്യത്തോടുകൂടി ഒന്ന് വായിച്ചു നോക്കുക:-

قَالَ رَبِّ إِنِّي دَعَوْتُ قَوْمِي لَيْلًا وَنَهَارًا ﴿٥﴾

﴾5﴿ അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബേ! നിശ്ചയമായും എന്റെ ജനതയെ ഞാൻ രാവും പകലും വിളിച്ചു'-

فَلَمْ يَزِدْهُمْ دُعَاءِي إِلَّا فِرَارًا ﴿٦﴾

﴾6﴿ 'എന്നിട്ട് എന്റെ വിളി അവർക്ക് ഓടിപ്പോക്കല്ലാതെ (മറ്റൊന്നും) വർദ്ധിപ്പിച്ചില്ല.'

وَإِنِّي كُلَّمَا دَعَوْتُهُمْ لِتَغْفِرَ لَهُمْ جَعَلُوٓا۟ أَصَـٰبِعَهُمْ فِيٓ ءَاذَانِهِمْ وَٱسْتَغْشَوْا۟ ثِيَابَهُمْ وَأَصَرُّوا۟

﴾7﴿ 'നീ അവർക്ക് പൊറുത്തുകൊടുക്കുവാൻ വേണ്ടി ഞാൻ അവരെ വിളിക്കുമ്പോഴൊക്കെയും,- അവർ തങ്ങളുടെ കാതുകളിൽ വിരലുകൾ ഇട്ടു (പൊത്തി) കളയുകയും, തങ്ങളുടെ വസ്ത്രങ്ങളെ (മീതെയിട്ടു) മൂടിപ്പുതക്കുകയും ചെയ്യുകയാണ്! അവർ

وَٱسۡتَكۡبَرُواْ ٱسۡتِكۡبَارٗا ۝٧

(നിഷേധത്തിൽ) ശഠിച്ചു നിൽക്കുകയും, ഒരു (കടുത്ത) അഹംഭാവം നടിക്കൽ നടിക്കുകയും ചെയ്യുന്നു!'

﴾5﴿ قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ റബ്ബേ إِنِّي دَعَوۡتُ നിശ്ചയമായും ഞാൻ
ക്ഷണിച്ചു, വിളിച്ചു قَوۡمِي എന്റെ ജനതയെ لَيۡلٗا രാത്രി وَنَهَارٗا പകലും ﴾6﴿ فَلَمۡ يَزِدۡهُمۡ
എന്നിട്ട് അവർക്ക് വർദ്ധിപ്പിച്ചില്ല دُعَآءِيٓ എന്റെ വിളി, ക്ഷണം إِلَّا فِرَارٗا ഓടിപ്പോക്ക
ല്ലാതെ ﴾7﴿ وَإِنِّي നിശ്ചയമായും كُلَّمَا دَعَوۡتُهُمۡ ഞാനവരെ വിളിച്ചപ്പോഴെല്ലാം
لِتَغۡفِرَ لَهُمۡ നീ അവർക്ക് പൊറുക്കുവാനായി جَعَلُوٓاْ അവർ ആക്കി, ആക്കുന്നു (ഇടു
ന്നു) أَصَٰبِعَهُمۡ അവരുടെ വിരലുകളെ فِيٓ ءَاذَانِهِمۡ അവരുടെ കാത് (ചെവി)കളിൽ
وَٱسۡتَغۡشَوۡاْ അവർ മൂടിയിടുക (മൂടിപ്പുതക്കുക)യും ചെയ്തു, ചെയ്യുന്നു ثِيَابَهُمۡ അവ
രുടെ വസ്ത്രങ്ങളെ وَأَصَرُّواْ അവർ ശഠിച്ചുനിൽക്കുകയും (നിരതരാവുകയും) ചെയ്തു
وَٱسۡتَكۡبَرُواْ അവർ അഹംഭാവം(ഗർവ്വ്- വലുപ്പം) നടിക്കുകയും ചെയ്തു ٱسۡتِكۡبَارٗا ഒരു
അഹംഭാവം നടിക്കൽ

തങ്ങളോട് ഉപദേശിക്കുന്നത് കേൾക്കുകപോലും ചെയ്യാതിരിക്കുവാൻ വേണ്ടിയാണ് അവർ കാതിൽ വിരലിട്ട് പൊത്തുന്നതും, മേലെ വസ്ത്രമിട്ട് മൂടുന്നതും.

ثُمَّ إِنِّي دَعَوۡتُهُمۡ جِهَارٗا ۝٨

﴾8﴿ 'പിന്നെ (അതിനുപുറമെ) ഞാൻ, അവരെ ഉറക്കെ വിളിച്ചു.'

ثُمَّ إِنِّيٓ أَعۡلَنتُ لَهُمۡ وَأَسۡرَرۡتُ لَهُمۡ إِسۡرَارٗا ۝٩

﴾9﴿ 'പിന്നെ ഞാൻ, അവരോട് (എന്റെ വിളി) പരസ്യമാക്കുകയും, സ്വകാര്യമാക്കി രഹസ്യമാക്കുകയും ചെയ്തു.'

فَقُلۡتُ ٱسۡتَغۡفِرُواْ رَبَّكُمۡ إِنَّهُۥ كَانَ غَفَّارٗا ۝١٠

﴾10﴿ 'അങ്ങനെ, ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പാപമോചനം തേടുവിൻ, നിശ്ചയമായും, അവൻ വളരെ പൊറുക്കുന്നവനാണ്;-'

يُرۡسِلِ ٱلسَّمَآءَ عَلَيۡكُم مِّدۡرَارٗا ۝١١

﴾11﴿ എന്നാൽ നിങ്ങൾക്ക് അവൻ ആകാശത്തെ [മഴയെ] സമൃദ്ധമായി അയച്ചുതരും;

وَيُمۡدِدۡكُم بِأَمۡوَٰلٖ وَبَنِينَ وَيَجۡعَل لَّكُمۡ جَنَّٰتٖ وَيَجۡعَل لَّكُمۡ أَنۡهَٰرٗا ۝١٢

﴾12﴿ 'സ്വത്തുക്കളും മക്കളും കൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും ചെയ്യും; നിങ്ങൾക്ക് തോട്ടങ്ങളുണ്ടാക്കിത്തരികയും, നിങ്ങൾക്ക് അരുവികളുണ്ടാക്കിത്തരികയും ചെയ്യും.'

﴾8﴿ ثُمَّ إِنِّيٓ പിന്നെ ഞാൻ دَعَوۡتُهُمۡ അവരെ ഞാൻ വിളിച്ചു جِهَارٗا ഉറക്കെ, ഉച്ചത്തി
ലായിട്ട് ﴾9﴿ ثُمَّ إِنِّيٓ أَعۡلَنتُ പിന്നെ ഞാൻ പരസ്യമാക്കി لَهُمۡ അവരോട്, അവർക്ക്
وَأَسۡرَرۡتُ لَهُمۡ അവരോട് (അവർക്ക്) രഹസ്യമാക്കുക (സ്വകാര്യമാക്കുക)യും ചെയ്തു
إِسۡرَارٗا ഒരു സ്വകാര്യമാക്കൽ, പതുക്കെ ﴾10﴿ فَقُلۡتُ അങ്ങനെ (എന്നിട്ട്) ഞാൻ
പറഞ്ഞു ٱسۡتَغۡفِرُواْ നിങ്ങൾ പാപമോചനം തേടുവിൻ رَبَّكُمۡ നിങ്ങളുടെ റബ്ബിനോട്
إِنَّهُۥ كَانَ നിശ്ചയമായും അവനാകുന്നു غَفَّارٗا വളരെ പൊറുക്കുന്നവൻ ﴾11﴿ يُرۡسِلِ
അവൻ അയക്കും, അയച്ചുവിടും ٱلسَّمَآءَ ആകാശത്തെ (മഴയെ) عَلَيۡكُم നിങ്ങൾക്ക്
നിങ്ങളിൽ مِّدۡرَارٗا സമൃദ്ധമായി, തുടർച്ചയായി, ഒഴുകിക്കൊണ്ട് ﴾12﴿ وَيُمۡدِدۡكُم
നിങ്ങളെ പോഷിപ്പിക്കുക (സഹായിക്കുക)യും ചെയ്യും بِأَمۡوَٰلٖ സ്വത്തു
ക്കൾകൊണ്ടും وَبَنِينَ മക്കൾകൊണ്ടും وَيَجۡعَل لَّكُمۡ നിങ്ങൾക്ക് ഏർപ്പെടുത്തി (ഉണ്ടാ
ക്കി)ത്തരികയും ചെയ്യും جَنَّٰتٖ തോട്ടങ്ങളെ وَيَجۡعَل لَّكُمۡ നിങ്ങൾക്കുണ്ടാക്കിത്തരി
കയും ചെയ്യും أَنۡهَٰرٗا അരുവി (നദി) കളെ

രാപ്പകൽ ഭേദമന്യെ നിരന്തരം അദ്ദേഹം അവരെ സത്യവിശ്വാസത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്നു. ഉറക്കെയും, പതുക്കെയും, പരസ്യമായും, രഹസ്യമായും- അങ്ങനെ എല്ലാ വിധേനയും -ക്ഷണിച്ചുനോക്കി. സത്യമാർഗം സ്വീകരിക്കുന്നപക്ഷം പരലോകത്തുവെച്ച് അല്ലാഹു പാപങ്ങൾ പൊറുത്തുതരുമെന്ന് മാത്രമല്ല, ഇഹത്തിലും നിങ്ങൾക്ക് സുഖജീവിതവും അഭിവൃദ്ധിയും നൽകും എന്നൊക്കെ ഉപദേശിച്ചു. പക്ഷേ, എന്തുതന്നെ ആയിട്ടും തങ്ങളുടെ മർക്കടമുഷ്ടി അവർ അവസാനിപ്പിച്ചില്ല. ധിക്കാരവും പരിഹാസവും അവലംബിക്കുക തന്നെ ചെയ്തു.

സത്യവിശ്വാസവും സൽക്കർമവും സ്വീകരിക്കുന്നതിന്റെ ലക്ഷ്യം ഐഹികനേട്ടങ്ങളല്ല, പാരത്രിക നേട്ടങ്ങളാകുന്നു.تريدون عرض الدنيا والله يريد الأخرة–الأنفال (നിങ്ങൾ ഐഹികവിഭവം ഉദ്ദേശിക്കുന്നു. അല്ലാഹുവാകട്ടെ, പരലോകവും ഉദ്ദേശിക്കുന്നു (8 : 67) പക്ഷേ, അതുമൂലം ഐഹികമായ ക്ഷേമൈശ്വര്യങ്ങളും ലഭിക്കുന്നതാണ്താനും. മനുഷ്യൻ നീതിയോടും നെറിയോടും കൂടി ജീവിക്കുമ്പോൾ അവന്റെ ജീവിതം സ്വതവേ സമാധാനപരമായിത്തീരും. കൂടാതെ, അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങൾ അവനിൽ വർഷിച്ചുകൊണ്ടിരിക്കുകയും, അതവന്റെ ഭൗതികജീവിതത്തിലും വിലസിക്കൊണ്ടിരിക്കുകയും ചെയ്യും. താൽക്കാലിക നേട്ടങ്ങളിൽ വേഗം ആകർഷിക്കുന്നവരാണല്ലോ മനുഷ്യർ. അതുകൊണ്ടാണ് സത്യവിശ്വാസംമൂലം ഉണ്ടാകുന്ന ഐഹികനേട്ടങ്ങളെക്കുറിച്ചും നൂഹ് (അ) ജനങ്ങളെ പ്രത്യേകം ധരിപ്പിക്കുന്നത്. മാത്രമല്ല, താൽക്കാലികലഭ്യങ്ങളെ ഓർത്തെങ്കിലും അവർ നേർവഴിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നീട് അവരതിൽ തന്നെ ഉറച്ചു നിൽക്കുവാൻ കാരണമാകുകയും ചെയ്തേക്കും. നബി തിരുമേനിﷺയുടെ

കാലത്തും പല ആളുകളും താൽക്കാലിക പരിതഃസ്ഥിതികളുടെ സമ്മർദ്ദം നിമിത്തം സത്യവിശ്വാസം സ്വീകരിക്കുകയും, ക്രമേണ വിശ്വാസത്തിൽ അടിയുറച്ച് ഉന്നതനിലവാരത്തിലെത്തുകയും ചെയ്തിട്ടുണ്ടല്ലോ.

മനുഷ്യർക്കിടയിൽ പാപവർദ്ധനയും, സത്യവിശ്വാസത്തിന്റെ അഭാവവും നിമിത്തം പാരത്രികമായ ശിക്ഷക്ക് പുറമെ, ഐഹികമായ ശിക്ഷകളും കൂടി നേരിട്ടേക്കാമെന്നും, പാപമോചനം തേടലും സത്യവിശ്വാസം പാരത്രികമായ പ്രതിഫലത്തിന് പുറമെ ഇഹത്തിൽ ക്ഷേമൈശ്വര്യങ്ങൾ ലഭിക്കുന്നതിനും കാരണമാണെന്നും ഈ (10- 12) വചനങ്ങളിൽനിന്ന് മനസ്സിലാക്കാം. മഴ കിട്ടാതെ കഷ്ടപ്പെടുമ്പോൾ മഴക്കപേക്ഷിച്ചുകൊണ്ടുള്ള 'ദുആ'യും, നമസ്കാരവും നടത്തുന്നത് നബിﷺയുടെ സുന്നത്തുകളിൽപെട്ടതാണല്ലോ. അതിൽ പാപമോചനം തേടുന്നതി (الإستغفار) ന് വളരെയധികം പ്രാധാന്യം നൽകപ്പെട്ടിട്ടുള്ളതായി കാണാം. ഇതാണതിന് കാരണം. സൂ: അഅ്റാഫിൽ അല്ലാഹു പറയുന്നു: 'ആ രാജ്യങ്ങളിലുള്ളവർ വിശ്വസിക്കുകയും സൂക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിൽ നാം അവരിൽ ആകാശത്തുനിന്നും ഭൂമിയിൽനിന്നും ബർക്കത്ത് -അഭിവൃദ്ധി -കൾ തുറന്നുകൊടുക്കുമായിരുന്നു'.(ولو أن أهل القرى آمنوا واتقوا لفتحنا عليهم بركات من السماء والأرض الخ – الأعراف:٩٦) സൂ: ഹൂദിൽ ഇങ്ങനെ കാണാം: 'നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പാപമോചനം തേടുവിൻ, പിന്നെ അവങ്കലേക്ക് പശ്ചാത്തപിക്കുകയും ചെയ്യുവിൻ. എന്നാൽ നിർണയം ചെയ്യപ്പെട്ട ഒരു അവധിവരെ അവൻ നിങ്ങൾക്ക് നല്ല അനുഭവം അനുഭവപ്പിച്ചു തരുന്നതാണ്'. (وإن استغفروا ربكم ثم توبوا إليه يمتعكم متاعا حسنا إلى أجل مسمى الخ–هود:٣) ഒരാൾ ക്ഷാമം ബാധിച്ചതിനെ സംബന്ധിച്ചും, വേറൊരാൾ ദാരിദ്ര്യത്തെയും, സന്താനങ്ങളുടെ കുറവിനെയും സംബന്ധിച്ചും, മൂന്നാമതൊരാൾ തന്റെ തോട്ടങ്ങൾ ഉണങ്ങിപ്പോയതിനെ സംബന്ധിച്ചും സങ്കടം പറഞ്ഞപ്പോൾ അവരോടെല്ലാംതന്നെ അല്ലാഹുവിനോട് പാപമോചനം തേടിക്കൊള്ളുക എന്ന് ഹസൻ (റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. മൂന്നുപേരോടും ഇങ്ങനെ ഉത്തരം പറഞ്ഞത് നൂഹ് നബി (അ)യുടെ ഈ പ്രസ്താവന (10 -12)യെ അടിസ്ഥാനമാക്കിയാണെന്നും അദ്ദേഹം പറയുകയുണ്ടായത്രെ.

എന്നാൽ ഒരു വാസ്തവം പ്രത്യേകം മനസ്സിരുത്തേണ്ടിയിരിക്കുന്നു; ഭൗതികമായ സുഖൈശ്വര്യങ്ങൾ ഒരു ജനതയുടെയോ വ്യക്തിയുടെയോ സാക്ഷാൽ നന്മക്ക് മാനദണ്ഡമല്ല. തനിഭൗതികവാദികളും, ധാർമികരംഗത്ത് മൃഗങ്ങളെക്കാൾ അധഃപതിച്ചവരുമായ ജനസമൂഹങ്ങൾ അങ്ങേഅറ്റം സുഖാഡംബരങ്ങളിൽ മുഴുകിക്കഴിയുന്നതും, അവരെക്കാൾ ഏത് നിലക്കും ഉത്തമൻമാരായിട്ടുള്ളവർ വളരെ ക്ലേശകരമായ ജീവിതം നയിച്ചുവരുന്നതും നാം കാണുന്നു. ഇതെല്ലാം അല്ലാഹുവിൽനിന്നുള്ള പരീക്ഷണങ്ങളത്രെ, അല്ലാഹു പറയുന്നു: ونبلوكم بالشر والخير فتنة وإلينا ترجعون–الأنبياء:٣٥ (തിന്മകൊണ്ടും, നന്മകൊണ്ടും- അഥവാ ദോഷംകൊണ്ടും, ഗുണംകൊണ്ടും- നിങ്ങളെ നാം ഒരു പരീക്ഷണം പരീക്ഷിക്കുന്നതാണ്. നമ്മുടെ അടുക്കലേക്കത്രെ നിങ്ങൾ മടക്കപ്പെടുന്നതും). വേദക്കാ

രെപ്പറ്റി ഇങ്ങനെ പറയുന്നു:١٢٨: وبلوناهم بالحسنات والسيئات– الأعراف (നന്മകൾ കൊണ്ടും, തിന്മകൾകൊണ്ടും നാം അവരെ പരീക്ഷിച്ചു). മറ്റൊരിടത്ത് പറയുന്നു: ١٨٦،١٨٥: وما الحياة الدنيا إلا متاع الغرور لتبلونّ في أموالكم وأنفسكم – آل عمران (ഐഹികജീവിതം കൃത്രിമസാമഗ്രിയല്ലാതെ മറ്റൊന്നുമല്ല, നിശ്ചയമായും നിങ്ങളുടെ സ്വത്തുക്കളിലും ദേഹങ്ങളിലും നിങ്ങൾ പരീക്ഷിക്കപ്പെടുന്നതാണ്.) നൂഹ് നബി (അ) തുടരുന്നു:-

مَّا لَكُمْ لَا تَرْجُونَ لِلَّهِ وَقَارًا ﴿١٣﴾

《13》 '(ജനങ്ങളേ) നിങ്ങൾക്കെന്താണ്, നിങ്ങൾ അല്ലാഹുവിന് ഒരു മഹത്വവും പ്രതീക്ഷിക്കുന്നില്ലേ?'-

وَقَدْ خَلَقَكُمْ أَطْوَارًا ﴿١٤﴾

《14》 'അവൻ നിങ്ങളെ പല ദശകളായി സൃഷ്ടിച്ചുണ്ടാക്കിയിട്ടുണ്ടല്ലോ (എന്നിട്ടും)!'

《13》 مَّا لَكُمْ നിങ്ങൾക്കെന്താണ് لَا تَرْجُونَ നിങ്ങൾ പ്രതീക്ഷിക്കുന്നില്ല, കരുതുന്നില്ല لِلَّهِ അല്ലാഹുവിന് وَقَارًا ഒരു മഹത്വം, ഗൗരവം, സഹനം 《14》 وَقَدْ خَلَقَكُمْ അവൻ നിങ്ങളെ സൃഷ്ടിച്ചിട്ടുണ്ടല്ലോ أَطْوَارًا പല ദശകളായി, ഘട്ടങ്ങളായി

നിങ്ങൾ നിങ്ങളുടെ ആരാധ്യവസ്തുക്കളായ വിഗ്രഹങ്ങൾക്കുപോലും വളരെ മഹത്വം കൽപിച്ചുകൊണ്ടിരിക്കുന്നു. അതേ സമയത്ത് നിങ്ങളെ വിവിധ ദശകളിലായി സൃഷ്ടിച്ചുണ്ടാക്കിയത് അല്ലാഹുവാണെന്ന് നിങ്ങൾക്ക് അറിയാമായിരുന്നിട്ടും നിങ്ങൾ അവന് യാതൊരു മഹത്വവും ഗൗരവവും ഉള്ളതായി ഗണിക്കുന്നില്ല. ഇതെന്തൊരു ആശ്ചര്യമാണ്?! എന്ന് സാരം. ഇന്ദ്രിയം, രക്തപിണ്ഡം, മാംസപിണ്ഡം, അപൂർണമായ മനുഷ്യരൂപം, പൂർണമായ മനുഷ്യരൂപം എന്നിങ്ങനെ ഗർഭാശയത്തിൽവെച്ച് പല ദശകളെയും തരണം ചെയ്തശേഷമാണല്ലോ മനുഷ്യൻ ഒരു ശിശുവായി പിറക്കുന്നത്. പിന്നീടാണെങ്കിൽ, ശൈശവം, കൗമാരം, ബാല്യം, യൗവനം, വാർദ്ധക്യം ആദിയായ അവസ്ഥകളും സംഭവിക്കുന്നു. ആധുനിക ഗർഭശാസ്ത്രവിദഗ്ദ്ധൻമാർ ഗർഭസ്ഥശിശുവിന്റെ വ്യത്യസ്ത ദശകളെപ്പറ്റി വേറെ രൂപത്തിലും വിവരിക്കാറുണ്ട്. പക്ഷേ, നൂഹ് നബി (അ)യുടെ കാലത്തുള്ളവർക്കും, ക്വുർആൻ അവതരിക്കുന്ന കാലത്തുള്ളവർക്കും അതൊന്നും പരിചിതമല്ലാത്ത സ്ഥിതിക്കും, ക്വുർആനിൽ ഗർഭദശകളെക്കുറിച്ച് പ്രസ്താവിക്കാറുള്ള പ്രസ്താവനകൾ പരിശോധിക്കുമ്പോഴും അടുത്തകാലത്ത് മാത്രം മനസ്സിലാക്കപ്പെട്ട ആ വിവരങ്ങൾക്ക് ഇവിടെ പ്രസക്തിയില്ല. അതേ സമയത്ത് 'പലദശകളായി' (أطوارا) എന്ന വാക്കിന്റെ അർത്ഥവ്യാപ്തിയിൽ മനുഷ്യസൃഷ്ടിയിൽ സംഭവിക്കുന്ന എല്ലാവിധ ദശാമാറ്റങ്ങളും ഉൾക്കൊള്ളുകയും ചെയ്യുന്നു. സ്വന്തം ദേഹങ്ങളിൽ തന്നെ അല്ലാഹുവിന്റെ മഹത്വങ്ങളെ സാക്ഷീകരിക്കുന്ന ധാരാളം ദൃഷ്ടാന്തങ്ങൾ അടങ്ങിയിട്ടുള്ളതിനെ ഓർമിപ്പിച്ചശേഷം, ചില പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലേക്ക് നൂഹ് (അ) അവരുടെ ശ്രദ്ധ ക്ഷണിക്കുന്നു:-

أَلَمْ تَرَوْا۟ كَيْفَ خَلَقَ ٱللَّهُ سَبْعَ سَمَـٰوَٰتٍ طِبَاقًا ﴿١٥﴾

﴿15﴾ 'നിങ്ങൾ കണ്ടില്ലേ, എങ്ങനെയാണ് (ഒന്നൊന്നിനുമീതെ) അടുക്കുകളായ നിലയിൽ അല്ലാഹു ഏഴ് ആകാശങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്?! (ആലോചിച്ചുനോക്കൂ,)'

وَجَعَلَ ٱلْقَمَرَ فِيهِنَّ نُورًا وَجَعَلَ ٱلشَّمْسَ سِرَاجًا ﴿١٦﴾

﴿16﴾ 'അവയിൽ ചന്ദ്രനെ അവൻ ഒരു പ്രകാശമാക്കുകയും ചെയ്തിരിക്കുന്നു: സൂര്യനെ ഒരു വിളക്കും ആക്കിയിരിക്കുന്നു.'

وَٱللَّهُ أَنۢبَتَكُم مِّنَ ٱلْأَرْضِ نَبَاتًا ﴿١٧﴾

﴿17﴾ 'അല്ലാഹു തന്നെ, ഭൂമിയിൽനിന്ന് നിങ്ങളെ ഒരു (തരം) ഉൽപാദനം ഉൽപാദിപ്പിച്ചിരിക്കുന്നു.'

ثُمَّ يُعِيدُكُمْ فِيهَا وَيُخْرِجُكُمْ إِخْرَاجًا ﴿١٨﴾

﴿18﴾ 'പിന്നീട്, നിങ്ങളെ അതിൽ (വീണ്ടും) മടക്കുകയും (അതിൽനിന്ന്) ഒരു പുറത്തുവരുത്തൽ വരുത്തുകയും ചെയ്യുന്നു.'

﴿15﴾ أَلَمْ تَرَوْا۟ നിങ്ങൾ കണ്ടില്ലേ كَيْفَ خَلَقَ എങ്ങനെ സൃഷ്ടിച്ചിരിക്കുന്നുവെന്ന് ٱللَّهُ അല്ലാഹു سَبْعَ سَمَـٰوَٰتٍ ഏഴാകാശങ്ങളെ طِبَاقًا അടുക്കായി, തട്ടുതട്ടായി ﴿16﴾ وَجَعَلَ ٱلْقَمَرَ ചന്ദ്രനെ ആക്കുകയും ചെയ്തു فِيهِنَّ അവയിൽ نُورًا ഒരു പ്രകാശം, വെളിച്ചം وَجَعَلَ ٱلشَّمْسَ സൂര്യനെ ആക്കുകയും ചെയ്തു سِرَاجًا ഒരു വിളക്ക് ﴿17﴾ وَٱللَّهُ അല്ലാഹു (തന്നെ) أَنۢبَتَكُم നിങ്ങളെ ഉല്പാദിപ്പിച്ചു, മുളപ്പിച്ചു (ഉത്ഭവിപ്പിച്ചു) مِّنَ ٱلْأَرْضِ ഭൂമിയിൽ നിന്ന് نَبَاتًا ഒരു ഉൽപാദനം (മുള- ഉല്പന്നം) ആയിട്ട് ﴿18﴾ ثُمَّ يُعِيدُكُمْ പിന്നെ നിങ്ങളെ അവൻ ആവർത്തിക്കുന്നു, മടക്കുന്നു فِيهَا അതിൽ وَيُخْرِجُكُمْ നിങ്ങളെ പുറത്തു (വെളിക്ക്) വരുത്തുകയും ചെയ്യുന്നു إِخْرَاجًا ഒരു പുറത്തു വരുത്തൽ

അടുക്കുകളായ ഏഴ് ആകാശങ്ങൾ (سبع سماوات طباقا) എന്നതിന്റെ വിവക്ഷയെക്കുറിച്ച് സൂ: മുൽക് 3 -ാം വചനത്തിന്റെ വിവരണത്തിൽ വിവരിച്ചിട്ടുണ്ട്. ചന്ദ്രവെളിച്ചം സൂര്യവെളിച്ചത്തെ അപേക്ഷിച്ച് വളരെ ലഘുവായതാണല്ലോ. അതാകട്ടെ, സൂര്യന്റെ വെളിച്ചം തിരിച്ചടിക്കുന്നതിനാൽ ഉണ്ടാകുന്നതുമാണ്. സൂര്യനാണെങ്കിൽ, സ്വയം പ്രകാശിക്കുന്നതും, ഭൂമിക്കും ചന്ദ്രനും വെളിച്ചം നൽകുന്നതുമാകുന്നു. ഇങ്ങനെയുള്ള കാരണങ്ങൾകൊണ്ടായിരിക്കാം ചന്ദ്രനെ 'പ്രകാശമാക്കി' എന്നും, സൂര്യനെ 'വിളക്കാക്കി' എന്നും വ്യത്യസ്ത രൂപത്തിൽ അല്ലാഹു

പറഞ്ഞത്. ചെറുവാക്കുകളിൽപോലും പല അന്തസാരങ്ങളും രഹസ്യങ്ങളും ഉൾക്കൊണ്ടിരിക്കുക ഖുർആന്റെ ഒരു സുവിശേഷതയാണല്ലോ. 'നിങ്ങളെ ഭൂമിയിൽനിന്ന് ഒരു ഉൽപാദനം ഉൽപാദിപ്പിച്ചിരിക്കുന്നു' എന്ന് പറഞ്ഞതും ശ്രദ്ധേയമാകുന്നു. ഭൂമിയിൽനിന്ന് സസ്യങ്ങൾ മുളച്ച് വ്യാപിക്കുന്നതുപോലെ മനുഷ്യൻ ഉൽഭവിക്കുകയും വികസിക്കുകയും ചെയ്യുന്നു. മനുഷ്യപിതാവിനെ അല്ലാഹു സൃഷ്ടിച്ചത് മണ്ണിൽനിന്നാണ്. ഒന്നാമത്തെ ആ മനുഷ്യച്ചെടിയിൽനിന്ന് പെരുകിയുണ്ടായതാണല്ലോ ഈ കോടാനുകോടി മനുഷ്യർ. എനി, ഓരോരുവനെ സംബന്ധിച്ച് നോക്കുക. ഇന്ദ്രിയത്തിൽനിന്നാണ് പ്രത്യക്ഷത്തിൽ അവന്റെ ഉൽഭവമെങ്കിലും, ഇന്ദ്രിയം ഭക്ഷണത്തിൽ നിന്നും, ഭക്ഷണം ഭൂവിഭവങ്ങളിൽനിന്നും അവ ഭൂമിയിൽനിന്നും ഉൽപാദിക്കുന്നവയാണ്. (*) ഒടുക്കം എല്ലാവരെയും അതേ മണ്ണിലേക്കുതന്നെ രണ്ടാമതും തിരിച്ചയക്കുന്നു. ശവം മണ്ണിൽ മൂടപ്പെടട്ടെ, അല്ലെങ്കിൽ ദഹിപ്പിക്കപ്പെടട്ടെ, ഏതായാലും ഒടുക്കം മണ്ണിൽതന്നെ ലയിക്കുന്നു. ഇത്രയും കാര്യങ്ങൾ എല്ലാവരും സമ്മതിക്കുന്നതും കണ്ടറിയുന്നതുമാണ്. എന്നാൽ ഇതെല്ലാം ചെയ്യുന്ന അല്ലാഹു മനുഷ്യനെ ഒന്നുകൂടി പുറത്തുവരുത്തുകതന്നെ ചെയ്യും. അതത്രെ പുനരുത്ഥാനം. ഇതിലെന്താണ് ഇത്ര അസാംഗത്യം! ഒന്നുമില്ല. നൂഹ് (അ) തുടരുന്നു:

وَٱللَّهُ جَعَلَ لَكُمُ ٱلْأَرْضَ بِسَاطًا ﴿١٩﴾

﴾19﴿ അല്ലാഹുതന്നെ, നിങ്ങൾക്ക് ഭൂമിയെ ഒരു വിരുപ്പാക്കിത്തരുകയും ചെയ്തിരിക്കുന്നു;

لِّتَسْلُكُوا۟ مِنْهَا سُبُلًا فِجَاجًا ﴿٢٠﴾

﴾20﴿ നിങ്ങൾക്ക് അതിൽനിന്ന് വിസ്തീർണമായ മാർഗങ്ങളിൽ പ്രവേശിക്കുവാൻ വേണ്ടി.

(*) والله أنبتكم من الأرض نباتا എന്നുള്ള 17 -ാം വചനത്തിന് 'അല്ലാഹു നിങ്ങളെ ഭൂമിയിൽ ഒരു സസ്യമായി മുളപ്പിച്ചു' എന്ന് ഈ അടുത്തകാലത്ത് ചില പുത്തൻ ചിന്താഗതിക്കാർ അർത്ഥം നൽകിക്കാണുന്നു. ആ അർത്ഥത്തെ ആധാരമാക്കി ഡാർവിന്റെ പരിണാമവാദത്തിന് ഖുർആന്റെ സാക്ഷ്യമുണ്ടെന്ന് വരുത്തിത്തീർക്കുവാൻ അവർ ശ്രമിച്ചും കാണുന്നു. അഥവാ മനുഷ്യൻ ഒരു കാലത്ത് സസ്യമായിരുന്നുവെന്നും ക്രമേണ പരിഷ്കരിച്ചു പരിഷ്കരിച്ചു മനുഷ്യരൂപത്തിലെത്തിയതാണെന്നുമാണ് ആ സമർത്ഥനം. ഖുർആന്റെ പ്രസ്താവനകൾക്കും ഇസ്‌ലാമിക സിദ്ധാന്തങ്ങൾക്കും വിരുദ്ധമായ ഈ സിദ്ധാന്തത്തെ മുസ്‌ലിംകൾ മാത്രമല്ല, പല ശാസ്ത്രപണ്ഡിതൻമാർ പോലും തള്ളിക്കളഞ്ഞിരിക്കുകയാണ്. പക്ഷേ, ഓരോ കാലത്തും പുതുതായി രംഗപ്രവേശം ചെയ്യുന്ന പുത്തൻ സിദ്ധാന്തങ്ങൾക്ക് ഖുർആനിൽനിന്ന് ന്യായീകരണം ഉണ്ടാക്കുവാൻ മുതിരുന്നത് ചില ആധുനിക പണ്ഡിതൻമാർ ഇന്നൊരു പരിഷ്കാരമാക്കിയിരിക്കുകയാണല്ലോ. ▸▸

ٱلْأَرْضَ നിങ്ങൾക്ക് ആക്കിതന്നിരിക്കുന്നു جَعَلَ لَكُمُ അല്ലാഹു (തന്നെ) وَٱللَّه ﴾19﴿
ഭൂമിയെ بِسَاطًا ഒരു വിരുപ്പ് ﴾20﴿ لِّتَسْلُكُوا۟ നിങ്ങൾ പ്രവേശിക്കുവാൻ, കടക്കുവാൻ
مِنْهَا അതിൽനിന്ന് سُبُلًا വഴികളിൽ فِجَاجًا വിശാലമായ, വിസ്തീർണമായ

വിരുപ്പിൽ യഥേഷ്ടം കിടക്കാം, ഉറങ്ങാം, സുഖിക്കാം, ഇരിക്കാം. അതുപോലെത്തന്നെ ഭൂമിയും. വസിക്കുവാൻ, ഉപജീവനമാർഗം തേടാൻ, വീടുപണിയുവാൻ, കൃഷി ചെയ്യാൻ, സഞ്ചരിക്കുവാൻ, നിരീക്ഷണം നടത്തുവാൻ, കിളച്ചുമറിക്കുവാൻ– അങ്ങനെ വേണ്ടതിനെല്ലാം– സൗകര്യപ്പെടുമാറ് അല്ലാഹു ഭൂമിയെ പരന്ന് വിശാലമായതാക്കിയിരിക്കുന്നു. പാറപോലെ ഉറച്ചതോ, മണൽപോലെ കിളറിയതോ, ചേറുപോലെ അലിഞ്ഞതോ, വനംപോലെ കാടുമൂടിയതോ, മരുഭൂമിപോലെ ഒഴിഞ്ഞുകിടക്കുന്നതോ ആക്കിയില്ല. ഓരോരുത്തന്നും അവന്റെ ഹിതമനുസരിച്ച് വിഹരിക്കുവാനുള്ള മാർഗങ്ങളും വിശാലംതന്നെ. നാട്ടിലൂടെയും, കാട്ടിലൂടെയും, കരയിലൂടെയും, സമുദ്രത്തിലൂടെയും, മലയിലൂടെയും, മരുഭൂമിയിലൂടെയും സഞ്ചരിക്കുവാനുള്ള സൗകര്യങ്ങളും അല്ലാഹു സജ്ജമാക്കിയിരിക്കുന്നു. കൂടാതെ, വായുമാർഗവും ഇപ്പോൾ മനുഷ്യന് അല്ലാഹു കീഴ്പെടുത്തിത്തന്നിരിക്കുകയാണ്. ഇതെല്ലാം അല്ലാഹു മനുഷ്യന് ചെയ്ത മഹത്തായ അനുഗ്രഹങ്ങളും, അതേസമയത്ത് അല്ലാഹുവിന്റെ മഹത്വത്തിനുള്ള പ്രത്യക്ഷ ദൃഷ്ടാന്തങ്ങളുമത്രെ.

◀◀ *أنبت (അമ്പത്ത) എന്ന ക്രിയക്ക് 'മുളപ്പിച്ചു, ഉൽപാദിപ്പിച്ചു' എന്നും نباتٌ (നബാത്തുൻ) എന്ന പദത്തിന് 'മുള, ചെടി, ഉൽപാദനം' എന്നിങ്ങനെയും അർത്ഥങ്ങൾ വരുമെന്നതിൽ തർക്കമില്ല. അക്കാരണത്താൽ ഈ പുതിയ അർത്ഥം വകവെക്കുവാൻ തരമില്ല. ഇതേ വാക്കുകൾതന്നെ ഉപയോഗിച്ചുകൊണ്ട് സൂ: ആലുഇംറാൻ 37 –ാം വചനത്തിൽ അല്ലാഹു മർയം (അ)യെ പ്പറ്റി പ്രസ്താവിച്ചത് നോക്കുക: وأنبتها نباتا حسنا وكفلها زكريا (അല്ലാഹു അവളെ നല്ലതായ ഒരു ഉൽപാദനം ഉൽപാദിപ്പിക്കുകയും അവളെ സകരിയ്യാക്ക് ഭരമേൽപിക്കുകയും ചെയ്തു.) അതായത്, മർയമിന്റെ ഉൽഭവവും വളർച്ചയും അല്ലാഹു നല്ല നിലയിലാക്കുകയും, അവരുടെ രക്ഷാകർതൃത്വം സകരിയ്യാ നബി (അ)ക്ക് നൽകുകയും ചെയ്തുവെന്ന് സാരം. ഇക്കൂട്ടർ കൽപിച്ച അർത്ഥപ്രകാരമാണെങ്കിൽ, ഇതിന് 'അല്ലാഹു അവളെ ഒരു നല്ല സസ്യമാക്കി മുളപ്പിച്ചു'...എന്ന് അർത്ഥം പറയണമല്ലോ. അഥവാ മർയം ആദ്യം ഒരു ചെടിയായിരുന്നുവെന്നും, പിന്നീട് മനുഷ്യരൂപത്തിലായെന്നും അനന്തരം സകരിയ്യാ നബിയെ ഏൽപിച്ചുവെന്നും ഇതിന് വ്യാഖ്യാനവും നൽകേണ്ടിവരും. കഷ്ടം! ഇത്രയും അപലപനീയവും ബാലിശവുമായ പുതിയ അർത്ഥവ്യാഖ്യാനങ്ങൾ കാണുമ്പോൾ ഇവർക്ക് ക്വുർആന്റെ പേരിൽ എന്തും പറയുവാൻ ധൈര്യക്ഷയമുണ്ടാവില്ലെന്ന് തോന്നിപ്പോകുകയാണ്! അല്ലാഹു അവർക്കും നമുക്കും നേർമാർഗം കാണിച്ചുതന്നു അനുഗ്രഹിക്കട്ടെ. ആമീൻ.*

950 കൊല്ലത്തോളം നൂഹ് (അ) തന്റെ ജനങ്ങളെ സത്യവിശ്വാസത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നതിന്റെ സ്വഭാവമാണ് സംക്ഷേപരൂപത്തിൽ നാം മുകളിൽ കണ്ടത്. എന്നാൽ, ആ ജനത അതിനുനേരെ കൈകൊണ്ട നയമെന്തായിരുന്നുവെന്ന് നൂഹ് നബി (അ) തന്റെ പ്രസ്താവനയിൽ തുടർന്ന് വിവരിക്കുന്നു:-

വിഭാഗം- 2

قَالَ نُوحٌ رَّبِّ إِنَّهُمْ عَصَوْنِى وَٱتَّبَعُوا۟ مَن لَّمْ يَزِدْهُ مَالُهُۥ وَوَلَدُهُۥٓ إِلَّا خَسَارًا ﴿٢١﴾

﴿21﴾ നൂഹ് പറഞ്ഞു: 'എന്റെ റബ്ബേ! നിശ്ചയമായും അവർ, എന്നോട് അനുസരണക്കേട് കാണിച്ചിരിക്കുകയാണ്; യാതൊരുവർക്ക് അവരുടെ സ്വത്തും സന്താനവും നഷ്ടമല്ലാതെ വർദ്ധിപ്പിച്ചിട്ടില്ലയോ, അങ്ങനെയുള്ളവരെ അവർ പിൻപറ്റുകയും ചെയ്തിരിക്കുന്നു.'

وَمَكَرُوا۟ مَكْرًا كُبَّارًا ﴿٢٢﴾

﴿22﴾ 'വളരെ വലിയ കുതന്ത്രവും അവർ പ്രയോഗിച്ചിരിക്കുന്നു.'

وَقَالُوا۟ لَا تَذَرُنَّ ءَالِهَتَكُمْ وَلَا تَذَرُنَّ وَدًّا وَلَا سُوَاعًا وَلَا يَغُوثَ وَيَعُوقَ وَنَسْرًا ﴿٢٣﴾

﴿23﴾ അവർ പറഞ്ഞു: '(ജനങ്ങളേ) നിശ്ചയമായും നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ വിട്ടേക്കരുത്;' 'വദ്ദി'നെയാകട്ടെ, 'സുവാഅ്'നെയാകട്ടെ നിങ്ങൾ വിട്ടേക്കരുത്; 'യഗൂഥി'നെയും, 'യഊകി'നെയും, 'നസ്റി'നെയും (വിട്ടേക്കുകയും) അരുത്' (എന്നൊക്കെ).

وَقَدْ أَضَلُّوا۟ كَثِيرًا ۖ وَلَا تَزِدِ ٱلظَّٰلِمِينَ إِلَّا ضَلَٰلًا ﴿٢٤﴾

﴿24﴾ 'അവർ വളരെ (ജനങ്ങളെ) വഴിപിഴപ്പിച്ചിട്ടുണ്ട്. (റബ്ബേ) അക്രമികൾക്ക് വഴി കേടല്ലാതെ നീ വർദ്ധിപ്പിക്കരുതേ!'

﴿21﴾ قَالَ نُوحٌ നൂഹ് പറഞ്ഞു رَّبِّ എന്റെ റബ്ബേ إِنَّهُمْ നിശ്ചയമായും അവർ عَصَوْنِى എന്നോട് അനുസരണക്കേട് കാണിച്ചു وَٱتَّبَعُوا۟ അവർ പിൻപറ്റുകയും ചെയ്തു مَن യാതൊരുവരെ لَّمْ يَزِدْهُ അവർക്ക് വർദ്ധിപ്പിച്ചിട്ടില്ല مَالُهُ തന്റെ സ്വത്ത്

وَوَلَدُهُ തന്റെ സന്താനവും إِلَّا خَسَارًا നഷ്ടമല്ലാതെ ﴿22﴾ وَمَكَرُوا അവർ കുതന്ത്രം പ്രവർത്തിക്കുകയും ചെയ്തു مَكْرًا كُبَّارًا (വളരെ) വലുതായ കുതന്ത്രം ﴿23﴾ وَقَالُوا അവർ പറയുകയും ചെയ്തു لَا تَذَرُنَّ നിശ്ചയമായും നിങ്ങൾ വിട്ടേക്കരുത് ءَالِهَتَكُمْ നിങ്ങളുടെ ആരാധ്യവസ്തുക്കളെ, ദൈവങ്ങളെ وَلَا تَذَرُنَّ വിട്ടേക്കുകയും അരുത് وَدًّا 'വദ്ദി'നെ وَلَا سُوَاعًا 'സുവാഇ'നെയും അരുത് وَلَا يَغُوثَ 'യഗൂഥി'നെയും അരുത് وَيَعُوقَ 'യഊകി'നെയും وَنَسْرًا 'നസ്റി'നെയും ﴿24﴾ وَقَدْ أَضَلُّوا അവർ വഴിപിഴപ്പിക്കുകയും ചെയ്തിട്ടുണ്ട് كَثِيرًا വളരെ (ആളുകളെ) وَلَا تَزِدِ നീ വർദ്ധിപ്പിക്കരുതേ ٱلظَّٰلِمِينَ അക്രമികൾക്ക് إِلَّا ضَلَٰلًا വഴിപിഴവല്ലാതെ

എത്രമാത്രം മനോവേദനയോടുകൂടിയാണ് നൂഹ് നബി (അ) തന്റെ ജനതയെപ്പറ്റി അല്ലാഹുവിന്റെ മുമ്പിൽ സങ്കടപ്പെടുന്നതെന്ന് ആലോചിച്ചുനോക്കുക! പ്രബോധനത്തിൽ അംഗീകരിക്കപ്പെടുവാനുള്ള എല്ലാ മാർഗങ്ങളും അദ്ദേഹം ഉപയോഗിച്ചുനോക്കി. 950 കൊല്ലത്തോളം ഇടമുറിയാതെ, വിശ്രമമില്ലാതെ, അദ്ദേഹം ആ പരിശ്രമം തുടർന്നുകൊണ്ടിരുന്നു. സൂ: ഹൂദ് 40 ൽ പ്രസ്താവിച്ചതുപോലെ, അൽപമാത്രം ആളുകളല്ലാതെ അദ്ദേഹത്തോടൊപ്പം സത്യവിശ്വാസം സ്വീകരിച്ചില്ല. ആ ജനത വിശ്വസിച്ചില്ലെന്ന് മാത്രമല്ല, പരിഹാസം, ധിക്കാരം, അഹംഭാവം ആദിയായവയിൽ അവർ അതിരുകവിയുകയും ചെയ്തു. അവരിൽനിന്ന് എനി ഒട്ടും നന്മ പ്രതീക്ഷിക്കുവാനില്ലെന്നും, അവർ അവശേഷിക്കുന്ന കാലത്തോളം അവരിൽനിന്ന് അക്രമവും മാർഗതടസ്സവും വർദ്ധിച്ചുകൊണ്ടിരിക്കുമെന്നും അദ്ദേഹത്തിന് ബോധ്യമായി. ഈ അവസരത്തിലാണ് അദ്ദേഹം അവർക്കെതിരിൽ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നത്. 26 ഉം 27 ഉം വചനങ്ങളിൽനിന്ന് ഇത് കൂടുതൽ വ്യക്തമാകുന്നതാണ്.

24 -ാം വചനത്തിലെ നൂഹ് നബി (അ)യുടെ പ്രാർത്ഥനയുടെ താൽപര്യം, അക്രമികളായ ആ ജനതയുടെ കുതന്ത്രപ്രവർത്തനങ്ങളിൽ അവർക്ക് പരാജയം നൽകണമെന്നും, അവരുടെ തോന്നിയവാസങ്ങൾക്കും അവർമൂലമുണ്ടാകുന്ന ശല്യങ്ങൾക്കും അറുതിവരത്തക്കവണ്ണം അവർക്ക് വല്ല ആപത്തോ നാശമോ സംഭവിക്കണമെന്നും ആയിരിക്കാവുന്നതാണ്. തുടർന്നുള്ള വചനങ്ങളിൽ നിന്ന് അതാണ് മനസ്സിലാകുന്നത്. الله اعلم

'സ്വത്തും മക്കളും നഷ്ടമല്ലാതെ മറ്റൊന്നും വർദ്ധിപ്പിച്ചിട്ടില്ലാത്തവർ' എന്ന് (21 -ാം വചനത്തിൽ) പ്രസ്താവിച്ചത് അവരിലുള്ള നേതാക്കളെയും, ധനികൻമാരെയും കുറിച്ചാകുന്നു. പാമരൻമാരും സാധാരണക്കാരും അവരെ അനുകരിക്കുകയും പ്രേരണകൾക്ക് വഴിപ്പെടുകയും ചെയ്തു. ഇതാണ് 24 -ാം വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. നൂഹ് (അ) എന്തുതന്നെപറഞ്ഞാലും ശരി, നമ്മുടെ ദൈവങ്ങളെ വിട്ടുകളയരുതെന്ന് നേതാക്കൾ മറ്റുള്ളവരെ നിർബന്ധിച്ചു. വിഗ്രഹ

ങ്ങളെ ഉദ്ദേശിച്ചാണ് 'ദൈവങ്ങൾ' എന്ന് പറഞ്ഞതെന്ന് സ്പഷ്ടമാണ്. അവയിൽ കൂടുതൽ പ്രധാനപ്പെട്ട അഞ്ചെണ്ണത്തിന്റെ പേരുകളത്രെ 23 -ാം വചനത്തിൽ കാണുന്നത്. സജ്ജനങ്ങളായിരുന്ന ചില ആളുകൾ മരണപ്പെട്ടശേഷം, പിശാചിന്റെ പ്രേരണയനുസരിച്ച് ആദ്യം അവരുടെ പ്രതിമകൾ സ്ഥാപിക്കപ്പെടുകയും, ക്രമേണ അവ ആരാധ്യദൈവങ്ങളായി മാറുകയുമാണുണ്ടായതെന്നും, ഇതേ പേരുകളിലുള്ള വിഗ്രഹങ്ങൾ കാലാന്തരത്തിൽ അറബികൾക്കിടയിലും പ്രചാരത്തിൽ വന്നുവെന്നും ഇബ്നുഅബ്ബാസ് (റ) പ്രസ്താവിച്ചതായി ബുഖാരി (റ) രേഖപ്പെടുത്തിയിരിക്കുന്നു. ഇവക്ക് പുറമെ 'ലാത്ത, ഉസ്സാ, മനാത്ത' മുതലായ പല വിഗ്രഹങ്ങൾ അറബികൾക്ക് വേറെയും ഉണ്ടായിരുന്നു. (വിഗ്രഹാരാധനയെ സംബന്ധിച്ച് കൂടുതൽ വിവരം ഈ സൂറത്തിന്റെ അവസാനത്തിൽ കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പിൽ കാണുക.) നൂഹ് (അ)ന്റെ പ്രാർത്ഥനക്ക് അല്ലാഹു ഉത്തരം നൽകി. അല്ലാഹു പറയുന്നു:-

مِّمَّا خَطِيٓـَٔـٰتِهِمْ أُغْرِقُوا۟ فَأُدْخِلُوا۟ نَارًا فَلَمْ يَجِدُوا۟ لَهُم مِّن دُونِ ٱللَّهِ أَنصَارًا ﴿٢٥﴾

﴿25﴾ അവരുടെ തെറ്റുകളാൽതന്നെ അവർ മുക്കി നശിപ്പിക്കപ്പെട്ടു; എന്നിട്ട് അവർ അഗ്നിയിൽ പ്രവേശിപ്പിക്കപ്പെട്ടു. അപ്പോൾ, അവർ, തങ്ങൾക്ക് അല്ലാഹു അല്ലാതെയുള്ള സഹായികളെ കണ്ടെത്തിയില്ല.

﴿25﴾ مِّمَّا خَطِيٓـَٔـٰتِهِمْ അവരുടെ തെറ്റു (കുറ്റം)കളാൽ (തന്നെ) أُغْرِقُوا۟ അവർ മു(ക്കി നശിപ്പി)ക്കപ്പെട്ടു فَأُدْخِلُوا۟ എന്നിട്ട് അവർ പ്രവേശിപ്പിക്കപ്പെട്ടു نَارًا അഗ്നിയിൽ فَلَمْ يَجِدُوا۟ അപ്പോൾ അവർ കണ്ടെത്തിയില്ല, അവർക്ക് കിട്ടിയില്ല لَهُم അവർക്ക് مِّن دُونِ ٱللَّهِ അല്ലാഹുവിനുപുറമെ أَنصَارًا സഹായികളെ

നൂഹ് നബി (അ)യിൽ വിശ്വസിക്കാതിരുന്ന ആ ജനത ഒന്നടങ്കം ജലപ്രളയത്തിൽ നശിച്ചുപോയതും, അദ്ദേഹത്തിൽ വിശ്വസിച്ചിരുന്ന അൽപം സത്യവിശ്വാസികളും അദ്ദേഹവും അല്ലാഹുവിന്റെ കൽപനപ്രകാരം കപ്പലിൽ കയറി രക്ഷപ്പെട്ടതും പ്രസിദ്ധമാണല്ലോ. ഇത് അവർക്ക് ലഭിച്ച ഐഹിക ശിക്ഷയാണ്. പരലോകത്തിലോ നരകാഗ്നിയും! ഇതെല്ലാം അവരുടെ സ്വന്തം തെറ്റുകുറ്റങ്ങൾ നിമിത്തമല്ലാതെ സംഭവിച്ചിട്ടില്ല. ആരെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല.

അവർ 'മുക്കിനശിപ്പിക്കപ്പെട്ടു' എന്ന് പറഞ്ഞതിനോട് ചേർത്തുകൊണ്ട് فادخلوا نارا (എന്നിട്ട് അവർ അഗ്നിയിൽ പ്രവേശിപ്പിക്കപ്പെട്ടു) എന്ന് പറഞ്ഞിരിക്കുന്നത് ഖിയാമത്ത്നാളിൽ അവരെ നരകത്തിൽ പ്രവേശിപ്പിക്കുന്നതിനെയും, അവർ അതിന് അർഹരായിക്കഴിഞ്ഞിട്ടുള്ളതിനെയും ഉദ്ദേശിച്ചായിരിക്കാം. അല്ലെങ്കിൽ, മുങ്ങിനശിച്ചതോടൊപ്പം തന്നെ അവരെ അല്ലാഹു യഥാർത്ഥത്തിൽ ഒരു അഗ്നി

ശിക്ഷക്ക് വിധേയരാക്കിയിട്ടുണ്ട് എന്നും വരാവുന്നതാണ്. ചെങ്കടലിൽ മുക്കി നശിപ്പിക്കപ്പെട്ട ഫിർഔനെയും അവന്റെ ആൾക്കാരെയും സംബന്ധിച്ച് 'അവർ രാവിലെയും വൈകുന്നേരവും നരകത്തിങ്കൽ പ്രവേശിപ്പിക്കപ്പെട്ടുവരുന്നു'ണ്ടെന്ന് 40 : 46 ൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ടല്ലോ. മരണത്തിന്ശേഷം ഖിയാമത്ത് നാൾവരെയുള്ള ഇടക്കാലത്ത് (عالم البرزخ ൽ) വെച്ച് മനുഷ്യന് സുഖമയമോ ദുഃഖ മയമോ ആയ അനുഭവങ്ങൾ ഉണ്ടായിരിക്കുമെന്നും, ഖബ്റിലെ ശിക്ഷ അക്കൂട്ടത്തിൽ പെട്ടതാണെന്നും ഖുർആനിൽനിന്നും ഹദീഥ് മുഖേനയും സ്ഥാപിതമായിട്ടുള്ളതാണ്. അപ്പോൾ, ജലപ്രളയത്തിൽ നശിപ്പിക്കപ്പെട്ടത് മുതൽ ആ ജനതയും- ഫിർഔന്റെ ആൾക്കാരെപ്പോലെ- ഏതെങ്കിലും വിധത്തിലുള്ള ഒരു അഗ്നിശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ടായിരിക്കാം. فادخلوا (എന്നിട്ട് പ്രവേശിപ്പിക്കപ്പെട്ടു) എന്ന വാക്കിന്റെ ആദ്യത്തിൽ കാണുന്ന അവ്യയം (الفاء) നോക്കുമ്പോൾ, മുങ്ങിനശിച്ചതിന്റെ ഉടനെത്തന്നെ അഗ്നിപ്രവേശനവും സംഭവിച്ചിട്ടുണ്ടെന്ന് വെക്കുവാനാണ് ന്യായം കാണുന്നത്. കൂടാതെ, മുക്കിനശിപ്പിച്ചതിനെക്കുറിച്ചും അഗ്നിയിൽ പ്രവേശിപ്പിച്ചതിനെക്കുറിച്ചും- രണ്ടുംതന്നെ- ഭൂതകാല (الماضي) ക്രിയ ഉപയോഗിച്ചാണല്ലോ അല്ലാഹു പറഞ്ഞിരിക്കുന്നതും. والله اعلم

وَقَالَ نُوحٌ رَّبِّ لَا تَذَرْ عَلَى ٱلْأَرْضِ مِنَ ٱلْكَـٰفِرِينَ دَيَّارًا ﴿٢٦﴾

﴾26﴿ നൂഹ് (വീണ്ടും) പറഞ്ഞു: എന്റെ റബ്ബേ, അവിശ്വാസികളിൽപെട്ട ഒരു പൗരനെയും ഭൂമിക്കുമീതെ നീ (ബാക്കിയാക്കി) വിട്ടേക്കരുതേ!

إِنَّكَ إِن تَذَرْهُمْ يُضِلُّوا۟ عِبَادَكَ وَلَا يَلِدُوٓا۟ إِلَّا فَاجِرًا كَفَّارًا ﴿٢٧﴾

﴾27﴿ (കാരണം) നിശ്ചയമായും, അവരെ (നശിപ്പിക്കാതെ) വിട്ടേക്കുന്നപക്ഷം, അവർ നിന്റെ അടിയാൻമാരെ വഴിതെറ്റിച്ചു കളയുന്നതാണ്; സത്യനിഷേധക്കാരായ ദുർവൃത്തരെയല്ലാതെ അവർ ജനിപ്പിക്കുകയും ചെയ്കയില്ല.

﴾26﴿ وَقَالَ نُوحٌ നൂഹ് (വീണ്ടും) പറഞ്ഞു رَّبِّ എന്റെ റബ്ബേ لَا تَذَرْ നീ വിട്ടേക്കരുതേ عَلَى ٱلْأَرْضِ ഭൂമിയുടെ മീതെ, ഭൂമിയിൽ مِنَ ٱلْكَـٰفِرِينَ അവിശ്വാസികളിൽനിന്ന് دَيَّارًا ഒരു വീട്ടുകാരനെയും, ഗൃഹവാസിയെ (ഒരാളെ)യും ﴾27﴿ إِنَّكَ നിശ്ചയമായും നീ إِن تَذَرْهُمْ അവരെ നീ വിട്ടേക്കുന്ന പക്ഷം يُضِلُّوا۟ അവർ വഴിതെറ്റിക്കും عِبَادَكَ നിന്റെ അടിയാൻമാരെ وَلَا يَلِدُوٓا۟ അവർ ജനിപ്പിക്കയുമില്ല إِلَّا فَاجِرًا ദുർവൃത്തനെ (തോന്നിയ വാസിയെ) അല്ലാതെ كَفَّارًا സത്യനിഷേധക്കാരനായ, നന്ദികെട്ടവനായ

ആ ജനതയെക്കുറിച്ച് ഒരു സൽപ്രതീക്ഷക്ക് അവകാശമില്ലാതിരുന്നതോ, അവർ കൈകൊണ്ടുവന്ന അക്രമനയങ്ങളോ മാത്രമായിരുന്നില്ല അവർക്കെതിരിൽ -അവരുടെ നാശത്തിനുവേണ്ടി- പ്രാർത്ഥിക്കുവാൻ നൂഹ് നബി (അ)യെ പ്രേരിപ്പിച്ചത്. ഭാവിയിൽ സത്യവിശ്വാസം സ്വീകരിക്കാനിടയുള്ള ആളുകളെ- ഒരു പക്ഷേ, അദ്ദേഹത്തിൽ വിശ്വസിച്ചവരായി നിലവിലുള്ള ചുരുക്കം വ്യക്തികളെപ്പോലും- ആ അക്രമികൾ വഴിപിഴപ്പിക്കുകയും പിൻതിരിപ്പിക്കുകയും ചെയ്യുമെന്നും, ആ ദുഷിച്ച ജനതയിൽനിന്ന് ജനിച്ചു വളരുന്ന ഭാവി തലമുറകൾ അവരെപ്പോലെ ദുഷിച്ച ജനതയായിരിക്കുവാനേ മാർഗമുള്ളൂവെന്നും അദ്ദേഹത്തിന്റെ ദീർഘകാല പരിചയത്തിൽ നിന്ന് അദ്ദേഹത്തിന് ബോധ്യമായിരിക്കുന്നു. കൂടാതെ, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചുകഴിഞ്ഞിട്ടുള്ള അൽപം ചിലരല്ലാതെ മേലിൽ ആ ജനതയിൽനിന്ന് ആരും വിശ്വസിക്കുന്നതല്ല എന്ന് അദ്ദേഹത്തിന് വഹ്‌യ് നൽകുകയും ചെയ്തിരുന്നു. (സൂ: ഹൂദ്, 36.) ഈ പ്രാർത്ഥന അതിനുശേഷമായിരിക്കുവാനും ഇടയുണ്ട്. പ്രവാചക വര്യനായ നൂഹ് (അ) തന്റെ ജനതക്കെതിരിൽ പ്രാർത്ഥന ചെയ്തതിന്റെ കാരണവും, ന്യായവും ഇതിൽനിന്ന് നല്ലപോലെ മനസ്സിലാക്കാമല്ലോ. ഫിർഔന്റെയും ആൾക്കാരുടെയും സത്യനിഷേധവും ധിക്കാരവും അതിരുകവിഞ്ഞു അവരെക്കുറിച്ചുള്ള പ്രതീക്ഷ പാടെ നശിച്ചപ്പോൾ അവർക്കെതിരിൽ മൂസാ നബി (അ)യും പ്രാർത്ഥിക്കുകയുണ്ടായിട്ടുണ്ടെന്നും, ആ പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെട്ടുവെന്നും സൂ: യൂനുസി (88, 89)ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. നൂഹ് നബി (അ)യുടെ പ്രാർത്ഥനയുടെ ബാക്കിഭാഗം ഇപ്രകാരമാണ്:-

رَّبِّ ٱغْفِرْ لِى وَلِوَٰلِدَىَّ وَلِمَن دَخَلَ بَيْتِىَ مُؤْمِنًا وَلِلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ وَلَا تَزِدِ ٱلظَّٰلِمِينَ إِلَّا تَبَارًۢا ﴿٢٨﴾

﴾28﴿ എന്റെ റബ്ബേ, എനിക്കും, എന്റെ മാതാപിതാക്കൾക്കും, എന്റെ വീട്ടിൽ സത്യവിശ്വാസിയായിക്കൊണ്ട് പ്രവേശിച്ചവർക്കും, സത്യവിശ്വാസികൾക്കും, വിശ്വാസിനികൾക്കും പൊറുത്തുതരേണമേ! അക്രമികൾക്ക് നാശ (നഷ്ട)മല്ലാതെ നീ വർദ്ധിപ്പിക്കുകയും ചെയ്യരുതേ!

﴾28﴿ رَّبِّ എന്റെ രക്ഷിതാവേ, റബ്ബേ ٱغْفِرْ لِى എനിക്ക് നീ പൊറുത്തുതരേണമേ وَلِوَٰلِدَىَّ എന്റെ രണ്ട് ജനയിതാക്കൾ (മാതാപിതാക്കൾ)ക്കും وَلِمَن دَخَلَ പ്രവേശിച്ചവർക്കും بَيْتِىَ എന്റെ വീട്ടിൽ مُؤْمِنًا സത്യവിശ്വാസിയായിക്കൊണ്ട് وَلِلْمُؤْمِنِينَ സത്യവിശ്വാസികൾക്കും وَٱلْمُؤْمِنَٰتِ സത്യവിശ്വാസിനികൾക്കും وَلَا تَزِدِ നീ വർദ്ധിപ്പിക്കയും അരുതേ ٱلظَّٰلِمِينَ അക്രമികൾക്ക് إِلَّا تَبَارًا നാശമല്ലാതെ, നഷ്ടമല്ലാതെ

അവസാനമായി തന്റെയും, തന്റെ മാതാപിതാക്കളുടെയും, മറ്റെല്ലാ സത്യവിശ്വാസികളുടെയും പാപമോചനത്തിനുവേണ്ടി നൂഹ് നബി (അ) പ്രാര്‍ത്ഥിക്കുന്നു. അവിശ്വാസികളെക്കുറിച്ചുള്ള പ്രാര്‍ത്ഥന ഒന്നുകൂടി ആവര്‍ത്തിക്കുകയും ചെയ്തിരിക്കുന്നു. ദുആ ചെയ്യുമ്പോള്‍ നാം സ്വീകരിക്കേണ്ടതുള്ള ഒരു മര്യാദ ഇതില്‍നിന്ന് നമുക്ക് മനസ്സിലാക്കുവാനുണ്ട്. അതായത്, പ്രാര്‍ത്ഥനയില്‍ ആദ്യമായി സ്വന്തം കാര്യവും പിന്നീട് അവനവനുമായി കൂടുതല്‍ ബന്ധപ്പെട്ടവരുടെ കാര്യവും പ്രത്യേകം എടുത്തു പറയണം. അവസാനം പൊതുവില്‍ എല്ലാവര്‍ക്കുവേണ്ടിയും പ്രാര്‍ത്ഥിക്കണം എന്നത്രെ അത്. എന്റെ വീട് (بيتي) എന്ന് പറഞ്ഞത് അദ്ദേഹവും സത്യവിശ്വാസികളും 'ഇബാദത്ത്' ചെയ്തിരുന്ന പള്ളിയെ ഉദ്ദേശിച്ചാണെന്നാണ് പല വ്യാഖ്യാതാക്കളുടെയും അഭിപ്രായം. അദ്ദേഹം വസിച്ചിരുന്ന സ്വന്തം വീട് തന്നെയാണെന്നാണ് മറ്റൊരഭിപ്രായം. ക്വുര്‍ആനില്‍നിന്ന് നേര്‍ക്കുനേരെ മനസ്സിലാകുന്നതും ഇതാണ്. അല്‍പം ആളുകള്‍ മാത്രമേ അദ്ദേഹത്തില്‍ വിശ്വസിച്ചിരുന്നുള്ളൂ. അദ്ദേഹമാണെങ്കില്‍ ദീര്‍ഘകാലം ജീവിക്കുകയും ചെയ്തിരിക്കുന്നു. നാട്ടുകാരെല്ലാം ശത്രുക്കളുമാണ്. ഈ നിലക്ക് അദ്ദേഹത്തിന്റെ ജനതയിലുള്ള ഒരു സത്യവിശ്വാസിയും അദ്ദേഹത്തിന്റെ വീട്ടില്‍ പ്രവേശിക്കാത്തവരായി ഉണ്ടായിരിക്കുവാന്‍ അവകാശമില്ലല്ലോ. ഒരു നബിവചനം ഇപ്രകാരം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു: 'സത്യവിശ്വാസിയോടല്ലാതെ നീ ചങ്ങാത്തം കെട്ടരുത്. ഭയഭക്തനല്ലാതെ നിന്റെ ഭക്ഷണം തിന്നുകയും അരുത്.' (അ; ദാ; തി.) നിന്റെ അടുത്തകൂട്ടുകെട്ടും ബന്ധവും സത്യവിശ്വാസികളോടും സജ്ജനങ്ങളോടുമായിരിക്കണമെന്ന് താല്‍പര്യം.

ربنا اغفرلنا ولوالدينا وللمؤمنين والمؤمنات

വ്യാഖ്യാനക്കുറിപ്പ് ഃ-

വിഗ്രഹാരാധനയുടെ തുടക്കം

മനുഷ്യവർഗത്തിന്റെ ആദ്യപിതാവായ ആദം നബി (അ) ഭൂലോകജീവിതം ആരംഭിക്കുകയും അദ്ദേഹത്തിന്റെ സന്താനങ്ങൾ ഭൂമിയിൽ വ്യാപിക്കുവാൻ തുടങ്ങുകയും ചെയ്തതോടെത്തന്നെ, മനുഷ്യ ശത്രുവായ പിശാചും അവന്റെ പ്രവർത്തനപരിപാടികൾ അവർക്കിടയിൽ തുടങ്ങിക്കഴിഞ്ഞിരുന്നു. തന്നാൽ കഴിയുന്ന എല്ലാ മാർഗങ്ങളിലൂടെയും ആദമിന്റെ സന്തതികളെ വഞ്ചിക്കുമെന്ന് പ്രതിജ്ഞ ചെയ്തവനാണല്ലോ ഇബ്‌ലിസ്. അധികം താമസിയാതെ ആദം നബി (അ)യുടെ മക്കൾക്കിടയിൽ വഴക്കും വക്കാണവും ഉണ്ടാകുമാറ് മനുഷ്യരിൽ നിക്ഷിപ്തമായ കോപം, അസൂയ, രോഷം ആദിയായവയെ അവൻ ഇളക്കിവിട്ടു. അത് മനുഷ്യചരിത്രത്തിലെ ഒന്നാമത്തെ കൊലപാതകത്തിൽ കലാശിക്കുകയും ഉണ്ടായി.

ഭൂമിയിൽ മനുഷ്യവർഗത്തെ സൃഷ്ടിക്കുവാൻ പോകുന്ന വിവരം അല്ലാഹു മലക്കുകളെ അറിയിച്ചപ്പോൾ മലക്കുകൾ ചോദിച്ചു: أتجعل فيها من يفسد فيها ويسفك الدماء (അതിൽ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ അതിൽ നീ ആക്കുന്നുവോ)? അവർക്ക് നൽകിയ മറുപടി: إني أعلم مالا تعلمون (നിങ്ങൾക്ക് അറിഞ്ഞുകൂടാത്തത് നിശ്ചയമായും എനിക്കറിയാം) എന്നായിരുന്നു. (സൂ: ബക്വറഃ 30) മനുഷ്യവർഗം കുഴപ്പവും രക്തം ചിന്തലും നടത്തുകയില്ലെന്ന് അല്ലാഹു പ്രസ്താവിച്ചിട്ടില്ല. അവർക്ക് അറിഞ്ഞുകൂടാത്ത പല രഹസ്യങ്ങളും അതിൽ അന്തർഭവിച്ചിട്ടുണ്ടെന്നേ സർവ്വജ്ഞനായ അല്ലാഹു മറുപടി പറഞ്ഞുള്ളൂ. മലക്കുകൾ സംശയിച്ച അക്കാര്യം ഏറെത്താമസിയാതെ പുലരുകയും ചെയ്തു. അതെ, ആദം നബി (അ)യുടെ പുത്രനായ ഹാബീലി (هابيل)നെ സ്വന്തം സഹോദരനായ ക്വാബീൽ (قابيل) കൊലപ്പെടുത്തി. അങ്ങനെ, രക്തം ചിന്തലിന്റെയും കുഴപ്പത്തിന്റെയും ഉദ്ഘാടനം പിശാച് കൊണ്ടാടി. ഈ സംഭവം സൂ: മാഇദഃ (30 - 34)യിൽ അല്ലാഹു വിവരിച്ചിട്ടുണ്ട്.

കർമരംഗത്ത് മനുഷ്യനെ വഴിപിഴപ്പിക്കുന്നതുകൊണ്ട് പിശാച് തൃപ്തി അടഞ്ഞില്ല. വിശ്വാസരംഗത്തേക്കും അതവൻ വ്യാപിപ്പിച്ചു. അങ്ങനെ, പല ഊഹങ്ങളും, തെറ്റായ ധാരണകളും, ആശയക്കുഴപ്പങ്ങളും മനുഷ്യഹൃദയങ്ങളിൽ തലപൊക്കി. കാലക്രമത്തിൽ അവയെല്ലാം സത്യയാഥാർത്ഥ്യങ്ങളായി അംഗീകരിക്കപ്പെടുവാനും തുടങ്ങി. ദൈവികേതരമതങ്ങളുടെ ഉത്ഭവസ്ഥാനം ഇതത്രെ.

ദൈവികേതരമതങ്ങളിൽ അതിപുരാതന മതമാണ് 'സ്വാബിയാമതം'. (*) ഈ മതക്കാരിൽ രണ്ട് തരക്കാരുണ്ട്. നക്ഷത്രങ്ങളും ഉപരിഗോളങ്ങളുമെല്ലാം ചില ആത്മീയശക്തികളുടെ പ്രത്യക്ഷരൂപങ്ങളാണെന്ന ധാരണയിൽ അവയെ ആരാധിച്ചുവരുന്ന ഒരു കക്ഷി. അതത് ഗ്രഹങ്ങളിലുണ്ടെന്ന് സങ്കൽപിക്കപ്പെടുന്ന ആത്മാക്കൾക്ക് ചില പ്രത്യേക രൂപങ്ങൾ നൽകുകയും, ആ രൂപത്തിലുള്ള പ്രതിമകളെ ആരാധിക്കുകയും ചെയ്യുന്ന മറ്റൊരു കക്ഷി. വിഗ്രഹാരാധന രംഗപ്രവേശം ചെയ്ത ഒരു മാർഗം ഇതായിരുന്നു. ചിലർ, അല്ലാഹുവിനെ ഒരു സ്ഥൂലവസ്തുവായി കണക്കുകൂട്ടി. രാജാധിപതിയായ അവന്റെ സിംഹാസനത്തിന് ചുറ്റും അവന്റെ പരിചാരകരായി മലക്കുകൾ നിലകൊള്ളുന്നതായി അവർ സങ്കൽപിച്ചു. അങ്ങനെ, അല്ലാഹുവിന്റേതെന്ന സങ്കൽപത്തിൽ വളരെ വലിയൊരു പ്രതിമയും, ചുറ്റുപാടും മലക്കുകളുടേതെന്ന ഭാവേന വേറെ കുറെ ചെറുപ്രതിമകളും പ്രതിഷ്ഠിച്ച് അവർ അവയെ ആരാധിക്കുവാൻ തുടങ്ങി. മറ്റൊരു കൂട്ടർ, അല്ലാഹുവിന്റെ ദിവ്യഗുണങ്ങളുടെ പ്രതീകങ്ങളെന്നോണം ചില പ്രത്യേക രൂപങ്ങളെ സങ്കൽപിച്ചുണ്ടാക്കി ആ രൂപങ്ങളെ പ്രതിഷ്ഠിക്കുകയും, അവയെ ആരാധിക്കുകയും ചെയ്തുവന്നു.

നാലാമതൊരു വിഭാഗക്കാർ, മരണപ്പെട്ടുപോയ സദ്‌വൃത്തരായ പുണ്യവാൻമാരുടെ സ്മരണക്കും ബഹുമാനത്തിനുംവേണ്ടി അവരുടെ പ്രതിരൂപങ്ങൾ നിർമിക്കുകയും, കാലാന്തരത്തിൽ അവയോടുള്ള ബഹുമാനം അതിരുകവിഞ്ഞു അവയെ ആരാധിച്ചു തുടങ്ങുകയും ചെയ്തു. നൂഹ് നബി (അ)യുടെ ജനത ആരാധിച്ചുവന്ന 'വദ്ദ്, സുവാഉ്, യഗൂഥ്, യഊക്, നസ്ർ' എന്നീ ദൈവങ്ങൾ ഈ ഇനത്തിൽപെട്ട വിഗ്രഹങ്ങളത്രെ. ഈ അഞ്ച് പേരിലുമുള്ള വിഗ്രഹങ്ങളെ ചില അറബി ഗോത്രങ്ങൾ ആരാധിച്ചിരുന്നതിനെപ്പറ്റി പ്രസ്താവിച്ചുകൊണ്ട് ഇബ്നു അബ്ബാസ് (റ) ഇങ്ങനെ പറഞ്ഞതായി ഇമാം ബുഖാരി (റ) ഉദ്ധരിച്ചിരിക്കുന്നു: 'നൂഹ് നബി (അ)യുടെ ജനതയിലുണ്ടായിരുന്ന ചില സജ്ജനങ്ങളുടെ പേരുകളാണവ. അങ്ങനെ, അവർ നശിച്ചു (മരിച്ചു) പോയപ്പോൾ, അവർ ഇരിക്കാറുണ്ടായിരുന്ന ഇരിപ്പിടങ്ങളിൽ അവയുടെ പേര് നൽകികൊണ്ട് ചില പ്രതിഷ്ഠകൾ സ്ഥാപിക്കണമെന്ന് പിശാച് ജനങ്ങൾക്ക് ദുർബോധനം നൽകി. അവരത് ചെയ്കയും ചെയ്തു. എന്നാലവ ആരാധിക്കപ്പെട്ടിരുന്നില്ല. അങ്ങനെ, അക്കൂട്ടർ നശിച്ചുപോകുകയും ചെയ്തു. ചുരുക്കത്തിൽ ആദ്യം സജ്ജന സ്മരണക്കായി പ്രതിഷ്ഠിക്കപ്പെട്ട ആ സ്മാരകങ്ങൾ പിൽക്കാലത്ത് ആരാധ്യവിഗ്രഹങ്ങളായി മാറി എന്ന് സാരം. ഇങ്ങനെയുള്ള അനുഭവങ്ങൾ ഈ സമുദായത്തിൽ സംഭവിക്കുവാൻ ഇടയാകരുതെന്ന് കരുതി ആദ്യകാലത്ത് നബിﷺ ക്വബ്ർ സന്ദർശനം (زيارة القبور)പോലും വിരോധിച്ചിരുന്നത് ഇവിടെ സ്മരണീയമാകുന്നു. ശിർക്കിന്റെ വശങ്ങളെക്കുറിച്ച് മുസ്‌ലിംകൾക്ക് അറിയാറായപ്പോൾ- ക്വബ്ർ സന്ദർശനം നടത്തുന്നത് പരലോകസ്മരണക്ക് ഉതകുന്നതാണെന്ന കാരണത്താൽ- നബിﷺ പിന്നീട് അതിന് മുസ്‌ലിംകളെ

(*) صابية = ഗോളാർച്ചനമതം (Sabaism)

പ്രോത്സാഹിപ്പിക്കുകയും ചെയ്തിരിക്കുന്നു. തിരുമേനി പറഞ്ഞു: 'ക്വബ്റുകളെ സന്ദർശിക്കുന്നതിനെക്കുറിച്ച് ഞാൻ നിങ്ങളോട് നിരോധിച്ചിരുന്നു. അറിഞ്ഞേക്കുക: എന്നാൽ നിങ്ങൾ അവയെ സന്ദർശിച്ചുകൊള്ളുവിൻ.' (മുസ്ലിം) തിർമദീ (റ)യുടെ നിവേദനത്തിൽ ഇതുംകൂടിയുണ്ട്: 'കാരണം, അത് പരലോകത്തെ ഓർമിപ്പിക്കുന്നതാകുന്നു.'

ഇതിനെല്ലാം പുറമെ മറ്റൊന്നുകൂടി: പ്രവാചകന്മാർ തുടങ്ങിയ മഹാത്മാക്കൾ മുഖാന്തരം -അല്ലെങ്കിൽ ഏതെങ്കിലും വസ്തുക്കളിലൂടെ -വല്ല അസാധാരണമായ അത്ഭുത സംഭവങ്ങളും നടന്നതായി കാണുമ്പോൾ, അവരിൽ -അല്ലെങ്കിൽ അവയിൽ -ദിവ്യത്വം കൽപിക്കപ്പെടുക-. അഥവാ ആ മഹാത്മാക്കളിലോ, അല്ലെങ്കിൽ ആ വസ്തുക്കളിലോ അല്ലാഹു അവതരിക്കുകയോ പ്രത്യക്ഷപ്പെടുകയോ ചെയ്തിട്ടുണ്ടെന്നും, അവന്റെ ഏതെങ്കിലും ഒരു ഗുണം അവതരിച്ചിട്ടുണ്ടെന്നും കരുതുക. അങ്ങനെ, ആ മഹാത്മാക്കളുടെയോ വസ്തുക്കളുടെയോ പ്രതിമകളുണ്ടാക്കി പൂജിച്ചവരുക. ഹിന്ദുക്കളുടെ വിവിധ അവതാര വിശ്വാസങ്ങളും, വിഗ്രഹാരാധനകളും, ക്രിസ്ത്യാനികൾ ഈസാ നബി (അ)യെയും കുരിശിനെയും ആരാധിക്കുന്നതുമെല്ലാം ഈ ഇനത്തിൽ ഉൾപ്പെട്ടവയത്രെ.

പിശാചിന്റെ ദുർബോധനങ്ങളിൽനിന്നും മനുഷ്യന്റെ അബദ്ധജടിലമായ ചിന്താഗതികളിൽനിന്നുമായി ഉത്ഭവിക്കുകയും, കാലാന്തരത്തിൽ ചില പ്രത്യേക രൂപങ്ങളിൽ സ്ഥിരപ്പെട്ട മതസിദ്ധാന്തങ്ങളായി അംഗീകരിക്കപ്പെടുകയും ചെയ്ത പലതരം വിഗ്രഹാരാധനകളാണ് മേൽപറഞ്ഞതെല്ലാം. വിഗ്രഹാരാധനയുടെ പ്രസ്തുത ഇനങ്ങളെല്ലാംതന്നെ ശിർക്കാണെന്ന് (ബഹുദൈവവിശ്വാസമാണെന്ന്) ക്വുർആൻ സംശയാതീതമായി പ്രഖ്യാപിച്ചിരിക്കുകയാണ്. വിഗ്രഹങ്ങൾ സ്വയംതന്നെ തങ്ങൾക്ക് ഗുണമോ ദോഷമോ വരുത്തുവാൻ പ്രാപ്തമാണെന്ന വിശ്വാസത്തോടെ അവയെ ആരാധിച്ചുവരുന്നവർ തുലോം കുറവായിരിക്കും. പക്ഷേ, അവയെ ആരാധിക്കുന്നതുമൂലം ഏതെങ്കിലും പ്രകാരേണ ദൈവസാമീപ്യത്തിനും, പുണ്യം നേടുന്നതിനും ഉപകരിക്കുമെന്നും അവയോ അവ പ്രതിനിധാനം ചെയ്യുന്ന പുണ്യാത്മാക്കളോ, അല്ലെങ്കിൽ വൻസൃഷ്ടികളോ അല്ലാഹുവിങ്കൽ ശുപാർശയും സ്വാധീനവും ചെലുത്തി തങ്ങൾക്ക് രക്ഷ നൽകുമെന്നും ഉള്ള വിശ്വാസമാണ് അതിന്നവരെ പ്രേരിപ്പിക്കുന്നത്. ما نعبدهم إلا ليقربونا إلى الله زلفى–الزمر:٣ (അവർ ഞങ്ങളെ അല്ലാഹുവിങ്കലേക്ക് സാമീപ്യം നൽകി അടുപ്പിക്കുവാൻ വേണ്ടിയല്ലാതെ ഞങ്ങൾ അവരെ ആരാധിക്കുന്നില്ല) എന്നും, هؤلاء شفعاؤنا عند الله– يونس:١٨ (ഇവർ അല്ലാഹുവിന്റെ അടുക്കൽ ഞങ്ങളുടെ ശുപാർശക്കാരാണ്.) എന്നും മറ്റും വിഗ്രഹാരാധകൻമാർ പറയാറുള്ളതായി അല്ലാഹു ഉദ്ധരിക്കുന്നത് ഇതിനെപ്പറ്റിയാകുന്നു.

സൂ: യൂനുസിൽനിന്നുദ്ധരിച്ച ഈ വചനത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം റാസീ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ പ്രസ്താവിച്ചിട്ടുള്ള ഒരു വാചകം ഇവിടെ

ശ്രദ്ധേയമാകുന്നു. അതിങ്ങനെയാണ്: ونظير ذلك في هذا الزمان اشتغال كثير من الخلق بتعظيم قبور الاكابر على اعتقاد أنهم اذا عظموا قبورهم فانهم يكونون شفعاء لهم عند الله تعالى–الرازي ص ٥٥٧ج٤ح (സാരം: മഹാന്മാരുടെ ക്വബ്റുകളെ ബഹുമാനിച്ചാൽ അവർ തങ്ങൾക്ക് അല്ലാഹുവിന്റെ അടുക്കൽ ശുപാർശക്കാരായിത്തീരുമെന്ന വിശ്വാസത്തോടെ ഇക്കാലത്ത് വളരെ പടപ്പുകൾ മഹാൻമാരുടെ ക്വബ്റുകളെ ബഹുമാനിക്കുന്നതിൽ ഏർപ്പെട്ടിട്ടുള്ളതും ഇതിന് തുല്യമായതാകുന്നു.) ഇമാം റാസീ (റ)യുടെ കാലത്തെ (ഹിജ്റഃ 7-ാം നൂറ്റാണ്ടിലെ) സ്ഥിതിയാണദ്ദേഹം ചൂണ്ടിക്കാണിച്ചത്. എന്നാൽ അതിനുശേഷം ഈ ഏർപ്പാട് എത്രമാത്രം കൂടുതൽ ശക്തിപ്പെട്ടു വന്നിട്ടുണ്ടെന്ന് ഇന്ന് സത്യാന്വേഷികളെ പറഞ്ഞറിയിക്കേണ്ടതില്ല. അല്ലാഹുവിൽ ശരണം! ശിർക്കിന്റെ എല്ലാ വകുപ്പുകളിൽനിന്നും അല്ലാഹു നമ്മെയെല്ലാവരെയും കാത്തുരക്ഷിക്കട്ടെ. آمين